ടൂറിസം വകുപ്പിന് കീഴിലുള്ള വിദേശനിർമ്മിത കാറുകൾ

47 [724] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിൻകീഴിൽ എത്ര വിദേശനിർമ്മിത കാറുകളുണ്ടെന്നും അവയുടെ മെയ്ക്കും മോഡലും വെളിപ്പെടുത്താമോ;

(ബി) ഇവയിൽ 25 വർഷത്തിലധികം പഴക്കമുള്ള എത്ര വാഹനങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ;

(സി) ഇവയിൽ ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന എത്ര വാഹനങ്ങൾ ഉണ്ടെന്നും ഉപയോഗയോഗ്യമല്ലാത്തവ എത്രയുണ്ടെന്നും അറിയിക്കാമോ;

(ഡി) ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ ലേലം ചെയ്ത് സർക്കാരിലേക്ക് കണ്ടുകെട്ടാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 6 എണ്ണം. വിശദവിവരം ചുവടെ ചേർക്കുന്നു:

	രജിസ്റ്റർ നമ്പർ	നിർമ്മാണ കമ്പനി	മോഡൽ
1.	KRV 7247	ബ്യൂക്ക്	1974
2.	MAR 5502	ബെൻസ്	1977
3.	KEV 3690	ബെൻസ്	1980
4.	MAR 5503	ബെൻസ്	1977
5.	DLZ 729	ബെൻസ്	1977
6.	KL 01-P-1161	ബെൻസ്	1998

(ബി) 5 എണ്ണം.

(സി) ഉപയോഗയോഗ്യമായവ - 2 എണ്ണം.
ഉപയോഗയോഗ്യമല്ലാത്തവ - 4 എണ്ണം.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ബോട്ടുകളിൽ നിന്നുള്ള വരുമാനം

48 [726] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുറക്കാട്ടിരിയിൽ പ്രവർത്തിച്ചുവന്ന ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ബോട്ടുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly